വർഗ്ഗീയതയ്ക്കും വിഘടനവാദത്തിനും എതിരെയുള്ള പ്രചരണ പരിപാടികൾ

230 (5120) ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന യുവജന സംഘടനകളെ സംഘടിപ്പിച്ച് വർഗ്ഗീയതയ്ക്കും വിഘടനവാദത്തിനും എതിരെ വലിയ തോതിലുള്ള പ്രചരണ പരിപാടികൾക്ക് എന്തെങ്കിലും പദ്ധതി ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) യുവജനക്ഷേമ ബോർഡ് നടപ്പിലാക്കുന്ന യുവശക്തി പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്ന് മതസൗഹാർദ്ദ കൂട്ടായ്മ സംഘടിപ്പിക്കുകയും വർഗ്ഗീയതയ്ക്കും വിഘടനവാദത്തിനും എതിരെയുള്ള ബോധവൽക്കരണവുമാണ്. യൂത്ത് വെൽഫയർ ബോർഡിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന യൂത്ത് ഫോറങ്ങളിൽ ഇക്കാര്യങ്ങൾക്ക് ഊന്നൽ നൽകി മത സൗഹാർദ്ദ സെമിനാറുകൾ സംഘടിപ്പിച്ചുവരുന്നു. കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും യൂത്ത് ക്ലബ്ബുകൾ, യുവജന സംഘടനകൾ എന്നിവയുടെ ആഭിമുഖ്യത്തിൽ മതേതര ഗ്രാമോത്സവങ്ങൾ ഭാവിയിൽ സംഘടിപ്പിക്കുന്നതാണ്.

സുനാമി പുനരധിവാസ പദ്ധതിയുടെ കീഴിൽ വിഴിഞ്ഞത്ത് പുതുതായി നിർമ്മിച്ച കാർഗോ ബർത്തിൽ അധിക സൗകര്യങ്ങൾ

231 (5121) ശ്രീ. വർക്കല കഹാർ :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി പുനരധിവാസ പദ്ധതിയുടെ കീഴിൽ വിഴിഞ്ഞത്ത് പുതുതായി നിർമ്മിച്ച കാർഗോ ബർത്തിൽ അധിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഈ വർഷം ഇതുവരെ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) 2010-2011 വർഷ കാലയളവിൽ ഇവിടെ എന്തൊക്കെ അധിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത് ;

(സി) ഇതിനായി എത്രകോടി രൂപ ചെലവിടാനാണ് ഉദ്ദേശിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly